ഉത്തരം

(എ) 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) ടർണിംഗ്, സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ്, ഷീറ്റ് മെറ്റൽ, ഫിസിക്സ് എന്നിവയിലാണ് ഒഴിവുകൾ ഉള്ളത്.

(സി) 1. ടർണിംഗ് ട്രേഡ് ഇൻസ്ട്രക്ടർ 10-1-2001 മുതൽ.
2. സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ് ട്രേഡ് ഇൻസ്ട്രക്ടർ 29-3-2000 മുതൽ.
3. സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ് ട്രേഡ്സ്മാൻ 1-1-2000 മുതൽ.
4. ഷീറ്റ് മെറ്റൽ ട്രേഡ്സ്മാൻ 6 വർഷമായി.
5. ഫിസിക്സ് എച്ച്. എസ്. എ. 1 വർഷമായി.

(ഡി) സ്വീകരിക്കുന്നതാണ്.

ഏരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പ്രവർത്തനം

140 [5122] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1985 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു (18 വർഷം).

പുതുതായി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

141 [5123]. ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, എം. കുമാരൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡെന്റൽ, ഹോമിയോ, ബി.എഡ്., എം.സി.എ. തുടങ്ങി സംസ്ഥാനത്ത് 2003-04 വർഷത്തിൽ പുതുതായി എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ അദ്ധ്യയന വർഷത്തിൽ പുതുതായി ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള മറ്റ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാലയങ്ങൾ ഏതൊക്കെയാണ്;

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവ്വേദ, സിദ്ധ, ഹോമിയോ, എം.സി.എ., എം.ബി.എ., ഫാർമസി, ബി.ഫാം., എം.ഫാം. തുടങ്ങിയ കോഴ്സുകൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം തീരുമാനിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ മെറിറ്റ് സീറ്റിലെ ഫീസ് നിരക്ക് ഓരോ വിഭാഗത്തിലും എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) മാനേജ്മെന്റ് പേയ്മെന്റ് സീറ്റുകളിലെ ഫീസ് നിരക്കുകൾ എത്രയെന്ന് വിശദമാക്കുമോ; ഫീസിനു പുറമേ മറ്റേതൊക്കെ ഫീസുകളും സംഭാവനകളും വാങ്ങാനാണ് സർക്കാർ മാനേജ്മെന്റുകളെ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിന്, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസിളവ് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ ഇളവ് നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 വർഷത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡെന്റൽ, എം.സി.എ. തുടങ്ങിയ വിഭാഗങ്ങളിൽ സംസ്ഥാനത്ത് ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

മെഡിക്കൽ കോളേജ്

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ്
2. അമല ക്യാൻസർ ഹോസ്പിറ്റൽ സൊസൈറ്റി

എഞ്ചിനീയറിംഗ് കോളേജ്

1. ഐ.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചിറ്റപ്പള്ളി പി.ഒ. തൃശ്ശൂർ.
2. മേരിമാതാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, വെള്ളറട, തിരുവനന്തപുരം.
3. വിദ്യാ അക്കാഡമി ഓഫ് സയൻസ് ആന്റ് ടെക്നോളജി, പൂണുക്കര, തൃശ്ശൂർ.
4. അൽ-അമീൻ എഞ്ചിനീയറിംഗ് കോളേജ്, ഷൊർണ്ണൂർ, പാലക്കാട്.
5. മാതാ കോളേജ് ഓഫ് ടെക്നോളജി, നോർത്ത് പറവൂർ, എറണാകുളം.
6. ശ്രീനാരായണഗുരു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പയ്യന്നൂർ, കണ്ണൂർ.
7. റോയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തൃശ്ശൂർ.
8. പി. എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, കരകുളം, തിരുവനന്തപുരം.

ഡന്റൽ കോളേജ്

1. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്.
2. അടൂർ എഡ്യൂക്കേഷൻ ട്രസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly

എം.സി.എ.

1. ഡോക്ക് സെന്റർ, കാലിക്കറ്റ് ആർ.ജി.സി.പി.ഒ. കാലിക്കറ്റ്.
2. ശ്രീനാരായണ കോളേജ് ഓഫ് ടെക്നോളജി, വടക്കേവിള, കൊല്ലം.
3. ശ്രീനാരായണഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, നോർത്ത് പറവൂർ, എറണാകുളം.
4. മാർ ബസേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊല്ലം.

2003-04 വർഷത്തിൽ പുതുതായി ബി.എഡ്. കോളേജ്, ഹോമിയോ കോളേജ് എന്നിവ ആരംഭിച്ചിട്ടില്ല.

(ബി) മേൽ സൂചിപ്പിച്ചതിനു പുറമെ, ഈ അദ്ധ്യയന വർഷത്തിൽ, അഞ്ച് സ്വാശ്രയ എം.ബി.എ. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. സെന്റ് ജോൺസ് കോളേജ്, പത്തനംതിട്ട.
2. അല്ലാമാ ഇക്ബാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പെരിങ്ങമല, തിരുവനന്തപുരം.
3. ശ്രീനാരായണഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, നോർത്ത് പറവൂർ, എറണാകുളം.
4. എം.ഇ.എസ്. കോളേജ്, മാറമ്പള്ളി, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, മാറമ്പള്ളി പി.ഒ., എറണാകുളം.
5. എസ്.സി.എം.എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി പാദുവാപുരം പി.ഒ., എറണാകുളം.

(സി) 2003-2004 അദ്ധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് 36,000 രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിരിക്കുന്നത്. എം.സി.എ. കോഴ്സിന് ഒരു വർഷം 7000 രൂപയും, എം.ബി.എ. കോഴ്സിന് ഒരു സെമസ്റ്ററിന് 11,000 രൂപയുമാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. മെഡിക്കൽ, ആയുർവേദ, സിദ്ധ, ഹോമിയോ, ബി.ഫാം., എം.ഫാം. തുടങ്ങിയ കോഴ്സുകളുടെ 2003-04 വർഷത്തെ ഫീസ് സംബന്ധിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും ഫീസ് നിരക്കിന് വ്യത്യാസമില്ല.

(ഇ) പേയ്മെന്റ് സീറ്റ് നിലവിലില്ല. മാനേജ്മെന്റിലെ സർക്കാർ സീറ്റുകളിലും മാനേജ്മെന്റ് സീറ്റുകളിലും എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് 36,000 രൂപയാണ് വാർഷിക ഫീസ്. ഇവകൂടാതെ ചുവടെ ചേർക്കും പ്രകാരം ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

അഡ്മിഷൻ ഫീസ്	..	100 രൂപ
സ്പെഷ്യൽ ഫീസ്	..	1000 രൂപ
കോഷൻ ഡെപ്പോസിറ്റ്	..	5000 രൂപ (മടക്കി നൽകുന്നത്)
സർവ്വകലാശാല ഫീസ്	..	(സർവ്വകലാശാല നിശ്ചയിക്കുന്നപ്രകാരം)

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും പലിശരഹിത ഡെപ്പോസിറ്റായി ഒരു ലക്ഷം രൂപ വാങ്ങിക്കുവാൻ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് 60,000 രൂപയ്ക്ക് താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 18,000 രൂപയായി നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി

142 [5124] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ:
„ എൻ. രാജൻ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം, ഫീസ്, സംവരണം തുടങ്ങിയവ സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ നൽകിയ അപ്പീലിൽ ഉണ്ടായ വിധി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിൽ ഇടക്കാല ഉത്തരവുണ്ടായിട്ടുണ്ടോ;

(സി) ഈ വിധികളുടെയും ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സുപ്രീംകോടതി ഈ കേസിൽ അന്തിമവിധി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സീറ്റുകൾ

143 [5125] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഇപ്പോൾ എത്ര സീറ്റു വീതം ഉണ്ട്; അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര സീറ്റു വീതം ഉണ്ട്;

(ബി) അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കുമുള്ള സ്പെഷ്യൽ റിസർവേഷൻ കഴിഞ്ഞുള്ള സീറ്റിന്റെ വിഹിതമാണോ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രവേശന പരീക്ഷയോടനുബന്ധിച്ചുള്ള 2-5-1966-ലെ ജി.ഒ.(പി)208/66/ഇഡിഎൻ. എന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly